**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് സ്വാശ്രയകോളേജുകളിലെ ബിരുദ, ബിരുദാനന്തരതലങ്ങളിലുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ ആന്റ് ജോബ് ഓറിയന്റഡ് കോഴ്സുകളുടെ ബിരുദ ബിരുദാനന്തര തലത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നോ, ഡി.എം.ഇ, ഡി.എച്ച്.എസ്.ഇ, നഴ്സിംഗ് കൗൺസിൽ തുടങ്ങി സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നോ, സർക്കാർ അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ മേൽ പറഞ്ഞ കോഴ്സുകളിൽ അലോട്ട്മെന്റ് വഴി പ്രവേശനം നേടുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹത ഉണ്ട്. ഇത്തരത്തിലുള്ള വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ആനുകൂല്യം നൽകുന്നു. മേൽ ഉത്തരവിന്റെ പരിധിയിൽ വരാത്ത അർഹരായ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് പ്രകാരം വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നു. |
| (ബി) | പ്രീ പ്രൈമറി തലം മുതൽ പ്രൊഫഷണൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ ഉപകരണങ്ങൾ ആവശ്യമായ സാഹചര്യത്തിൽ നിലവിൽ അവർക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുമോ; വിശദമാക്കുമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങളും, പഠന സൗകര്യങ്ങളും ലഭ്യമാക്കാൻ സർക്കാർ തലത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുമുണ്ട്. ഹയർ സെക്കന്ററി തലം വരെയുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ സ്വന്തമായി ലഭ്യമല്ലാത്തവരെന്ന് കണ്ടെത്തിയ 37717 വിദ്യാർത്ഥികൾക്ക്, പഠനാവശ്യത്തിനായി പൊതു വിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പ് നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സാമൂഹ്യപഠനമുറി പൊതു ഇടങ്ങളിൽ സജ്ജീകരിച്ച പഠന കേന്ദ്രങ്ങൾ എന്നിവയിലൂടെ ഓൺലൈൻ പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് |

| | | | |
|---|---|---|---|
| | | | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പ് മുഖേനയും ലാപ്ടോപ്പ് വിതരണം നടത്തുന്നു. കൂടാതെ തദ്ദേശ സ്ഥാപനങ്ങളുടെ തനത്/TSP ഫണ്ടിൽ നിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ വാങ്ങി നൽകുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് 23/06/2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം മൂന്ന് വർഷത്തിൽ ഒരിക്കൽ പരിഷ്ക്കരിക്കണമെന്ന ബാബു വിജയനാഥ് കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രീമെട്രിക് പോസ്റ്റ്മെട്രിക് തലത്തിൽ 09/01/2020 ലെ സർക്കാർ ഉത്തരവ് (അച്ചടി)നം.1/2020 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സ്വകാര്യ, സ്വാശ്രയ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും മറ്റാനുകൂല്യങ്ങളും നിഷേധിക്കപ്പെടുന്നതായോ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വാശ്രയ കോളേജുകളിൽ വകുപ്പിന്റെ ചുമതലയിൽ പരിശോധന സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ; | (സി) | ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് ഇ-ഗ്രാന്റ്സ് പോർട്ടലിൽ വരുത്തിയ പരിഷ്കാരങ്ങൾ കാരണം നിലവിൽ പ്രസ്തുത പോർട്ടലിലൂടെയുള്ള സ്കോളർഷിപ്പ് വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി തടസ്സം തീർക്കുന്നതിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിദ്യാർഥികളുടെ അക്കൗണ്ടുകളിൽ നേരിട്ട് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന അർഹരായ പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ